വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗപ്രദമല്ലാത്ത ടാപ്പ ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ച് ആവശ്യമില്ലാത്ത പൊതുടാപ്പ ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തുന്നതി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലൂടെ പ്രതിമാസമുള്ള വാട്ടർ ചാർജ്ജിൽ ഗണ്യമായ വരുത്തുന്നതിന് സാധ്യമാകുന്നതാണ്. ഇതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

## 1-32 ബൈബാക്ക് ഓഫർ കണക്കിലെടുത്തില്ല

വൗച്ചർ നം.-- 22401264/15.02.2025 - 18,900

പഞ്ചായത്തിലെ വാഹനത്തിന്റെ ( KL -75C -2903 ) മൂന്ന് ടയറുകൾ മേൽവൗച്ചർ പ്രകാരം 18 ചെലവിൽ ജോസ് ടയേഴ്സ് , തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. ചാലക്കുടി പി.ഡബ്ലിയു. .മെക്കാനിക്കൽ സബ്ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.10.24 ലെ 17/870/TCR ആവശ്യകതാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ടയർ വാങ്ങിയത്.

ഇപ്രകാരം പുതിയ ടയർ വാങ്ങിയപ്പോൾ ബൈബാക്ക് ഓഫർ കണക്കിലെടുത്തില്ല

ജി ഒ (പി) നം. 3/2013 എസ് .പി.ഡി .തീയതി 21.6.2013 ഖ. 18.1പ്രകാരം നിലവിലുള്ള പഴയ സ്റ്റോ മാറ്റി പുതിയതും കൂടുതൽ മെച്ചപ്പെട്ടതുമായ സ്റ്റോറുകൾ വാങ്ങാൻ തീരുമാനിക്കുമ്പോൾ പഴയവയുടെ വി നടത്താവുന്നതാണ്, ടെണ്ടർ അന്വേഷണ രേഖകളിൽ ഇതിനായി ഉചിതമായ ഉപാധ ഉൾപ്പെടുത്തേണ്ടതാണ് ,വിൽപന നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പഴയ സ്റ്റോറുകൾ താൽപര ടെണ്ടറർമാർക്ക് പരിശോധിക്കുന്നതിനുള്ള അനുമതി നൽകുന്നതാണെന്ന നിബ ഉൾപ്പെടുത്തേണ്ടതാണ്, വിൽപന നടത്തേണ്ട പഴയ സ്റ്റോറുകളുടെ മൂല്യം കണക്കിലെടുത്ത് പ്രസക്ത വിവരങ്ങൾ ടെണ്ടർ രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നിങ്ങനെ നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ ടയ വാങ്ങിയപ്പോൾ പഴയവ വിൽപന നടത്തിയിട്ടില്ല.
പഴയ ടയർ ലേലം നടത്തിയതിന്റെയോ അൺസർവീസബിൾ ഗുഡ്സ് സ്റ്റോക്ക് രജിസ്റ്റ ചേർത്തതിന്റെയോ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയ (നം.16/24.10.25) മറുപടിയായി പഴയ ടയർ ലേലം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് അറിയിച്ചിട്ടുണ്ട്.
സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഴയ ടയർ ലേലം ചെയ്ത് രേഖകൾ ഓഡ ഹാജരാക്കേണ്ടതാണ്.

## 1-33 ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല

നാട്ടിക ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-75 C-2903 മഹീന്ദ്ര ബൊലേറോ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് കൃത്യമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഇ നിറക്കുന്നത് അതാത് ദിവസം ലോഗ്ബുക്കിൽ ചേർക്കാതെ മാസാവസാനം ഒന്നിച്ച് ചേർക്കുന്നു. അ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ തവണയും ഫുൾടാങ്ക് ഇന്ധനം നിറക്കുന്ന

എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

2) യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ കൃത്യമായി ലോഗ്ബുക്കിൽ ഒപ്പുവക്കുന്നില്ല. വാഹനത്ത കസ്റ്റോഡിയൻ യാത്രകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

3) 02.08.08 തിയ്യതിയിലെ 41/2008/ഫിൻ നമ്പർ സർക്കുലറിൽ നിർദേശിക്കും പ്രകാരമുള്ള വാ ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഈ സർക്കുല മറ്റ് നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

4) വാഹനരജിസ്റ്റർ സൂക്ഷിക്കുന്നില്ല

5) വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന നടത്തിയ സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ ചേർത്തിട്ടി

6) വാഹനത്തിന്റെ ആകെ നിറച്ച ഇന്ധനം പൂർണ്ണമായും ചെലവഴിച്ച രീതിയിലാണ് മാസാന്ത്യസംക്ഷ ചേർത്തിട്ടുള്ളത്. മാസാവസാനം വാഹനത്തിൽ ഒരുതുള്ളി പോലും ഇന്ധനം ബാക്കിയില്ല രീതിയിലാണ് മാസാന്ത്യസംക്ഷിപ്തം തയ്യാറാക്കിയിട്ടുള്ളത്.

മാസാവസാനം വാഹനത്തിൽ ബാക്കിയുള്ള ഇന്ധനം കൃത്യമായി കണക്കാക്കി വേണം പ്രതി സംക്ഷിപ്തം തയ്യാറാക്കേണ്ടത്.

പഞ്ചായത്തിന്റെ വാഹനങ്ങളുടെ പരിപാലനത്തിൽ 30.06.2007 തിയ്യതിയിലെ സ.ഉ.(എം.എസ്) 170/07/ത.സ്വ.ഭ.വ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറി നം. 13/24.10.25)

## 1-34 വാഹനഇൻഷ്വറൻസ് സ്വകാര്യസ്ഥാപനത്തിൽ അടവാക്കി

ഹരിതകർമ്മസേന ഉപയോഗിക്കുന്ന പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ (KL75C -6497) ഇൻഷ്വറൻസ് തുക 8,834 രൂപ വൗച്ചർ നം. 22401426/20.3.25 പ്ര റോയൽ സുന്ദരം ജനറൽ ഇൻഷ്വറൻസ് കമ്പനി , ചെന്നൈ എന്ന സ്ഥാപനത്തിൽ അടവാക്കിയി സർക്കുലർ നം. 02/2024/ധന. തീയതി 10.01.2024 പ്രകാരം വാഹനങ്ങളുടെ എല്ലാ വിധ ഇൻഷ്വറ പോളിസികളും കേരളസർക്കാർ ഇൻഷ്വറൻസ് വകുപ്പിലാണ് അടവാക്കേണ്ടത് എന്നിരിക്കെ ഇപ്ര സ്വകാര്യ സ്ഥാപനത്തിൽ അടവാക്കിയത് ക്രമപ്രകാരമല്ല.

(ഓഡിറ്റ് എൻക്വയറി നം.18/24.10.25 )

വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം സർക്കാർ ഉത്തരവ് പ്രകാരം കേരളസർക്കാർ ഇൻഷ്വറൻസ് വകു അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ആർജ്ജിതാവധി പണമാക്കൽ -- തിരികെ അടവാക്കേണ്ടതാണ്.

2024-25 സാമ്പത്തികവർഷം പഞ്ചായത്തിലെ കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ ആയി പ്ര ചെയ്യുന്ന ശ്രീമതി. പിങ്കി രാജു എന്ന വ്യക്തിക്ക് വൗച്ചർ നം. 22401479/26.3.25 പ്രകാരം 15ദിവസ ആർജ്ജിതാവധി പണമാക്കി 8,500 രൂപ നൽകിയിട്ടുണ്ട്.

മേൽ ജീവനക്കാരിയെ സർക്കാർ ഉത്തരവ് നം. 84/2022/ത.സ്വ.ഭ.വ. തീയതി 19.04.2022 ഖ.6.3 പ്രകാരം "എല്ലാതലത്തിലുമുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിനും വനിതാവികസനപ്രവർത്തന ജാഗ്രതാസമിതി , ജി.ആർ.സി.കൾ തുടങ്ങിയ വിവിധ സംവിധാനങ്ങളും ഏകോപിപ്പിക്കുന്ന ഫെസിലിറ്റേറ്റ് ചെയ്യുന്നതിനുമായി" പ്രതിമാസം 17,000 രൂപ ഹോണറേറിയം വ്യവസ്ഥ നിയമിച്ചിട്ടുള്ളതാണ്. ഇപ്രകാരം നിയമിതരായ ജീവനക്കാർക്ക് ആർജ്ജിതാവധി പണമാക്കുന്ന നിലവിൽ സർക്കാർ ഉത്തരവുകൾ ഇല്ലാത്തതിനാൽ ഇപ്രകാരം നൽകിയത് ക്രമപ്രകാരമല്ല . ഇപ്രകാര നൽകിയതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/24.10.25 ) മ ലഭ്യമാക്കിയിട്ടില്ല.

മേൽപ്രകാരം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.ആയതിനാൽ നൽകിയ തുക തി ഈടാക്കേണ്ടതാണ്.

## 1-36 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ -- കൂടുതൽ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | 63/25 -പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവഹണഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് , ഗവ, ഫിഷറീസ് എൽ.പി.സ്കൂൾ, നാട്ടിക |
| അടങ്കൽ | 3,00,000(വികസനഫണ്ട് എസ് സി പി) |
| ചെലവ് | 3,00,000 |
| വൗച്ചർ നം. | 42401693/13.3.25 |

പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകൽ പദ്ധതി പ്രകാരം മെഡിക്കൽ കോളേജ് തൃശ്ശൂരിൽ ഡിപ്ലോമ ഇൻ റേഡിയോഡയഗ്നോസിസ് ആന്റ് റേഡിയോ തെറാപ്പി കോഴ്സിൽ രണ്ടാം വർഷം വിദ്യാർത്ഥിയായ അഖില കെ. ആർ. എന്നവർക്ക് 20,000 രൂപ നൽകിയി 28.05.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 115/22/ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖ 7.2.4 പ്രകാരം പ്ലസ് 2 വിന് ശേഷമുള്ള സർക്കാർ അംഗീകരിച്ച റഗുലർ കോഴ്സുകൾക്ക് പരമാവധി 15 രൂപ മാത്രമേ ധനസഹായം അനുവദിക്കാവൂ എന്നിരിക്കെ കൂടുതൽ തുക (20,000- 15,000=5,000 അനുവദിച്ചത് ക്രമപ്രകാരമല്ല. ആയത് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.10.25) മറുപടിയായി തുക തിരികെ അടവാക്കുവാൻ ആവശ്യ വിദ്യാർത്ഥിനിക്ക് കത്തയക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 ഡെപ്പോസിറ്റ്പ്രവൃത്തികൾ -- അപാകങ്ങൾ

തൻവർഷം രണ്ട് ഡെപ്പോസിറ്റ് പ്രവൃത്തികളാണ് സെക്രട്ടറി നടപ്പാക്കിയിട്ടുള്ളത്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം., തുക | കൈപ്പറ്റിയ വ്യക്തി/ ഏജൻസി |
|---|---|---|---|---|
| 112/25 വൈദ്യുതി ലൈൻ വലിക്കൽ | 6,00,000 വികസനഫണ്ട് പൊതുവി ഭാഗം | 1,22,380 | 42401580/ 26.3.25 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ , കെ.എസ്.ഇ.ബി. , തളിക്കുളം |
| 240/25 റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റ് മാറ്റിവക്കൽ | 25,513 തനതുഫണ്ട് | 25,113 | 42401293 /27.3.25 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ , കെ.എസ്.ഇ.ബി. , തൃപ്രയാർ |

സർക്കാർ ഉത്തരവ് (കൈ)നം. 84/2022/തസ്വഭവ തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങ

നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കര: ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

240/25 നം. പ്രോജക്ടിൽ കെ.എസ്. ഇ.ബി . എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ സെക്രട്ടറി കര: ഏർപ്പെടുകയോ ചെയ്തിട്ടില്ല.പ്രോജക്ട് ഫയലിൽ കെ.എസ്. ഇ.ബി . യുടെ ഡിമാന്റ് നോട്ടീസ് മാത്ര ഉള്ളത്. 112/25 നം. പ്രോജക്ടിൽ കെ.എസ്. ഇ.ബി . യുടെ എസ്റ്റിമേറ്റ് ഇല്ല. 2025 മാർച്ചിൽ കൈമാറിയെങ്കിലും 2025 മെയിലാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. മേൽപ്രകാരം കൈമാറിയ തുകയുടെ വ മുൻകൂർരജിസ്റ്ററിൽ ചേർത്തിട്ടില്ല. വാർഷികകണക്കിൽ കെ. എസ്. ഇ.ബി.ക്ക് നൽകിയ മുൻകൂർ ശീർഷകത്തിൽ ഈ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക്(നം.7/23.10.25 )മറുപടിയായി അടിയന്തിരപ്രവൃത്തി ആയതിനാലാണ് പ്രകാരം ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്.
ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നു നിശ്ചിതകാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കപ്പെടുന്നുവെന്നും നിർവഹണഉദ്യോഗ ഉറപ്പുവരുത്തേണ്ടതാണ്.

## 1-38 തെരുവുവിളക്ക് പരിപാലനം -- അടിസ്ഥാനരേഖകൾ ഇല്ല

തെരുവുവിളക്ക് പരിപാലനത്തിനായി തൻവർഷം മൂന്ന് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

നിർവഹണഉദ്യോഗസ്ഥൻ-- സെക്രട്ടറി

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നം | കരാർ സ്ഥാപനം | ഇൻവോയ്സ് നം. |
|---|---|---|---|---|
| 189/25-- ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് -- ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (സ്പിൽ ഓവർ) | 50,258 (തനതുഫണ്ട്) | 42400329 / 12.7.24 -- 42,480 | UF Electricals LLP , ഇരിങ്ങാലക്കുട | UFEL/24-25 /6/2.6.24 - AMC Of 2 Highmast Light |
| 190/25 - തെരുവുവിളക്ക് പരിപാലനം - ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (സ്പിൽ ഓവർ) | 2,68,734 (തനതുഫണ്ട്) | 42400355/ 29.7.24 -- 1,68,121 | UF Electricals LLP , ഇരിങ്ങാലക്കുട | UFEL/2024-25 /8/15.6.24 |
| | | 42400540/ 12.9.24 -- 1,00,531 | UF Electricals LLP , ഇരിങ്ങാലക്കുട | UFEL/24-25 /21/1.8.24 |

| | | | | |
|---|---|---|---|---|
| 76/25 -- തെരുവുവിളക്ക് പരിപാലനം - ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് | 6,00,000 (വികസന ഫണ്ട് ) | 42401635/ 22.3.25 - 2,98,597 | UF Electricals LLP , ഇരിങ്ങാലക്കുട | UFEL/24-25 /69/5.2.25, UFEL/24-25 /70/5.2.25, UFEL/24-25 /71/5.2.25 |
| | | 42401579/ 26.3.25 - 54,973 | UF Electricals LLP , ഇരിങ്ങാലക്കുട | UFEL/24-25 /88/1.3.25 |

വിളക്കുകളുടെ എണ്ണം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഇല്ല. ഓരോ വാർഡിലും എത്ര വിളക്കുകൾ എത്ര എണ്ണം വീതം ഉണ്ടെന്ന് വ്യക്തമാക്കുന്ന രീതിയിൽ തെരുവുവിളക്ക് രജ സൂക്ഷിച്ചിട്ടില്ല.

പരാതി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. കേടായ വിളക്കുകളുടെ വിവരം, പരാതി പരിഹരിച്ച വിവ കരാറുകാരന്റെ ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ഇല്ല.

സപ്ലൈ ചെയ്ത എല്ലാ ഇനങ്ങളുടെയും നിരക്ക് കെ.എസ്. ഇ.ബി. അംഗീകരിച്ച നിരക്കുകളെ കുറവാണെന്നും ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ ഇനങ്ങൾക്കും ഒരുവർഷത്തെ വാറന്റി ഉണ്ട കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ റിപ്പയർ ചെയ്തതിൽ പുതിയ എത്ര വിളക്ക ഉണ്ടെന്നോ അവക്ക് വാറന്റി ഉറപ്പുവരുത്തിയോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ കേടായ ഇനങ്ങൾ തിരികെ ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ഇല്ല.

സർക്കുലർ നമ്പർ 3055/DA3/2011/LSGD/15.9.2011, സർക്കുലർ നമ്പർ 177/DA3/2016/L /7.9.2017 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

21.02.2019-ലെ സർക്കുലർ നമ്പർ ഡി.എ1/17/2019/ത.സ്വ.ഭ.വ പ്രകാരം കെ.എസ്.ഇ.ബി-യു സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്ക എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയ

ഓഡിറ്റ് എൻക്വയറിക്ക് ( നം.15/24.10.2025) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ അറിയിച്ചിട്ടുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട അടിസ്ഥാനരേഖകൾ സൂക്ഷിക്കേ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തി വിവരങ്ങൾ കൃത്യതപ്പെടുത്തേണ്ടതുമാ

## 1-39 മരാമത്ത് പ്രവൃത്തികളിലെ സ്റ്റീൽ സെക്ഷനുകളുടെ അളവു രേഖപ്പെടുത്തൽ നിയമാനുസൃതമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

2012ലെ കേരള പൊതുമരാമത്ത് മാന്വൽ 2004.1 മുതൽ 2004.6 വരെ ഖണ്ഡികകളിൽ പൊതുമരാ പ്രവൃത്തികളിൽ ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളുടേയും, നിർമ്മിതികളുടേയും ഗുണ പരിശോധിച്ച് അതാത് ഇൻഡ്യൻ സ്റ്റാൻഡേർഡുകളുമായി പൊരുത്തപ്പെടുന്നു എന്ന് എഗ്രിമെന്റ് അതേ ഉറപ്പാക്കുന്നതിനും, ആദ്യഘട്ടത്തിലെ ഇത്തരം ഗുണമേന്മാ പരിശോധനകൾ(First Tier Qu Test)കരാറുകാരന്റെ ചെലവിൽ നിർവ്വഹിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത വിവിധ മരാമത്ത് പ്രവൃത്തികളിൽ ഉപയോഗിച്ച സ്റ്റീൽ ട്യൂബുകളുടെ ഗുണമേന്മ പരിശോധിച്ചതിന്റെ രേ ഫയലിൽ സൂക്ഷിച്ചിട്ടില്ലായെന്നും, അളവ് കണക്കാക്കിയത് നിയമാനുസൃതമല്ല എന്നും കണ്ടു. ഉദാഹ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.169/25 ജൂബിലി മന്ദിരം

വകയിരുത്തിയ തുക.12,00,000
ചെലവഴിച്ച തുക 924864

എസ്റ്റിമേറ്റ് നമ്പർ. 110926/23

ജൂബിലി മന്ദിരത്തിൽ ട്രസ്സ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തുന്നതിനാണ് പ്രേ തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ DSR Data 10.2 പ്രകാരം 4595kg, Data 10.16.1 പ്ര 2417kg എന്നിങ്ങനെ സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്കായി ഉപയോഗിച്ച സ്റ്റീൽ ആകൃതിയിലുള്ള ISM ബാറുകൾ, L ആകൃതിയിലുള്ള IS ആംഗിളുകൾ, ചതുര/സമചതുര, ആകൃതിയിലുള്ള സ്റ്റീൽ ട്യൂബുകൾ എന്നിവയുടെ അളവുകൾ പൂർണ്ണമായി ഇ-അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1)പൊതുമരാമത്ത് പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സ്റ്റീൽ ബി.ഐ.എസ്. (BIS) മുദ്രണത്തോടു കൂടി ഇന്ത്യൻ സ്റ്റാന്റേഡ് (IS 4923:1997), ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുശാസി രീതിയിലുള്ളതും, ഇപ്രകാരമുള്ള ഗുണമേന്മ ഉപയോഗിച്ച സ്റ്റീലിന് ഉണ്ടോയെന്ന് പരിശോധ വിധേയമാക്കണമെന്നും CPWD മാന്വൽ, കരാറിന്റെ ഭാഗമായ സ്റ്റാൻഡേർഡ് ബിഡ് ഡോക്യു എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. [(സിപിഡബ്ല്യുഡി സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 10.13.5) 1200 (ഭാഗം 8) :1993 ഖണ്ഡിക 3.7.1),(IS 800:2007 ഖണ്ഡിക 2.2.4.1),(IS 4923:1997 ഖണ്ഡിക എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികളിൽ ഉപയോഗിച്ച സ്റ്റീൽ സെക്ഷനുകൾ പരിശോ ഗുണമേന്മ ഉറപ്പാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സാംപിൾ ഹോളോ സെക്ഷനുകളിൽ (BIS) മുദ്ര, അളവുകൾ രേഖപ്പെടുത്തിയ മെഷീൻ പഞ്ചിംഗ് എ ഇല്ല എന്നു കണ്ടു.

2) പൊള്ളയായ സ്റ്റീൽ സെക്ഷൻ (Hollow Section) ഉപയോഗിച്ച പ്രവൃത്തികളിൽ Nominal W Method വഴി ലഭിച്ച Coefficient(kg/m) ഇ-അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിക്കുക ചെയ്തിട്ടുള്ളത്. [Nominal Weight Method ൽ സാംപിൾ ആയി ശേഖരിക്കുന്ന ചെറിയ കഷണം ഹോളോ സെക്ഷന്റെ ഗ്രാം/സെന്റീമീറ്റർ ഭാരത്തെ, കിലോഗ്രാം/മീറ്ററിലുള്ള ഭാരമാക്കി മാറ്റുമ്പോൾ ലഭി സംഖ്യയെ Coefficient ആയി എടുക്കുന്നു. ഉദാഹരണം 60cm നീളമുള്ള ഹോളോ സെക്ഷന് 948g ഉണ്ടെങ്കിൽ ആയതിന്റെ Coefficent= 948x100/60x1000=1.58kg/m]. ഈ Coefficient നെ പ്രവൃ ഉപയോഗിച്ച സ്റ്റീൽ സെക്ഷന്റെ മീറ്റർ അളവിലുള്ള ആകെ നീളവുമായി ഗുണിച്ചാണ് ആകെ കിലോ ഭാരം കണക്കാക്കി പ്രവൃത്തി ബില്ലുകളിൽ തുക അനുവദിച്ചിട്ടുള്ളത്. ഇങ്ങനെ ഭാരം കണക്കാക്ക നിയമാനുസൃതമല്ല. ഇത്തരത്തിൽ ഭാരം കണക്കാക്കി തുക അനുവദിക്കുന്നത് അംഗീകരിച്ച ടെക്നി സർക്കുലറുകളോ, സർക്കാർ ഉത്തരവുകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

3) സ്റ്റീലിന്റെ ഭാരം നാമമാത്ര രീതിയിൽ ((Nominal Weight Method)കണക്കാക്കുന്ന സംഗതിക ഇൻഡ്യൻ സ്റ്റാന്റേർഡ് കോഡുകളിൽ നിർദ്ദേശിച്ചതു പ്രകാരം സ്റ്റീൽ ബാർ/ആംഗിൾ/ട്യൂബ് എന്നിവ കാര്യത്തിൽ ഛേദതലത്തിന്റെ വീതി, ഉയരം, കനം എന്നിവ മില്ലിമീറ്ററിലും, സ്റ്റീലിന്റെ നീളം മീറ്റ പ്രത്യേകം രേഖപ്പെടുത്തുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്റ്റീലിന്റെ കനം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

4) അളവ് പുസ്തകത്തിൽ മീറ്റർ നിരക്കിൽ അളവ് രേഖപ്പെടുത്തുകയും, DSRഡാറ്റ പ്രകാരം കിലോ നിരക്കിൽ തുക അനുവദിക്കുകയും ചെയ്യുമ്പോൾ ഭാരം നിർണ്ണയിക്കുന്നതിന് സ്റ്റീൽ സെക്ഷനു ഛേദതല വിസ്തീർണത്തെ(Cross Section Area) സ്റ്റീലിന്റെ സാന്ദ്രത (Steel Density 7850kg/m$^3$) കൊ ഗുണിച്ചെടുക്കേണ്ടതുണ്ട്.

സ്റ്റീലിന്റെ ഭാരത്തിൽ +/-10% വരെ വ്യതിയാനം(Tolerance) ഉണ്ടാകാമെന്ന് IS Code ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു കൂടാതെ സ്റ്റീലിൽ ഉണ്ടായേക്കാവുന്ന മാലിന്യങ്ങൾ, ഈർപ്പം, തുരുമ്പ് വസ്തുക്കൾ എന്നിവ സാംപിളുകളുടെ ഭാരത്തെ യഥാർത്ഥ ഭാരത്തിൽ നിന്നും വ്യത്യാസപ്പെടുത്ത സാധ്യതയുണ്ട്. ആയതിനാൽ നാമമാത്ര ഭാര രീതിയിൽ സാംപിൾ ആയി ശേഖരിക്കുന്നവയുടെ ഭാരം അളവിൽ ഗുണകമായി(coeffient) എടുക്കുന്നത് മൂലം ലഭിക്കുന്ന ആകെ ഭാരം കൃത്യമാകണമെ

ആയതിനാൽ സ്റ്റീലിന്റെസാന്ദ്രതയെ ഉപയോഗിച്ച സ്റ്റീലിന്റെ ഛേദതല വിസ്തീർണ്ണം കൊണ്ട് ഗുണിച്ചെ ആകെ ഭാരം കണക്കാക്കുന്നതിനാണ് IS Codeൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അളവു പുസ്തകര മുഴുവൻ ഇനങ്ങളുടേയും കനം(thickness)രേഖപ്പെടുത്താത്തതിനാൽ ഉപയോഗിച്ച സ്റ്റീലിന്റെ ര കണക്കാക്കിയതിലെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ചതുര/സമചതുരാകൃതിയിലുള്ള സ്റ്റീൽ ഹോളോ സെക്ഷന്റെ കാര്യത്തിൽ മൂലകളുടെ വക്രത(corner R കൂടി കുറവു ചെയ്ത് ഭാരം നിർണ്ണയിക്കുന്നതിനാണ് IS കോഡ് 4923:1997ൽ നിർദ്ദേശിച്ചിട്ടുള്ളത്. സംബന്ധിച്ചുള്ള സമവാക്യം ഇപ്രകാരമാണ്.

[സമവാക്യം-Area Of Cross Section A=2t[(B-4t)+(D-4t)+3/2x3.14xt] In $Cm^2$

Wight(Kg/m)=W=0.785A In $Cm^2$ (T=thickness, B=width, D=height)]

ഈ രീതിയിൽ കണക്കാക്കുന്നതിന് ഛേദതലത്തിന്റെ നീളം(ഉയരം, വീതി), കനം എന്നിവ ഉപയോ ആദ്യം $Cm^2$ ൽ ഛേദതല വിസ്തീർണ്ണം കണ്ടെത്തി സ്റ്റീലിന്റെ സാന്ദ്രത കൊണ്ട് ഗുണിച്ച് കിലോഗ്രാം/ അളവിലുള്ള Coefficient കണ്ടെത്തുന്നു. [ഉദാ.വീതി100mm, ഉയരം 50mm, കനം1.4mm ഛേ വിസ്തീർണ്ണം=2x0.14[(10-4x0.14)+(5-4x0.014)+
(3/2x3.14x0.14)]=4.071032x0.7850=3.1957(coefficient Rounded To 3.2kg/m)]

ഈ പ്രവൃത്തിയിൽ തൂണുകളും ക്രോസ്സ് ബീമുകളും നിർമ്മിക്കുന്നതിനായി H ആകൃതിയുള്ള 200mmx10( ISMബാറുകൾ (Indian Standard Medium Bar) ഉപയോഗിച്ചിട്ടുണ്ട്. ഇവയുടെ മീറ്റർ നിരക്കി ഭാരം(Kg/m) 24.788(coefficent) ആയി എടുത്താണ് മീറ്റർ അളവുകളുമായി ഗുണിച്ച് ഭാരം കണക്ക തുക അനുവദിച്ചിട്ടുള്ളത്. [200mmx100mm (Flanch Thickness 10mm,Veb Thickness-5.7mm)] 'H' ആകൃതിയിലുള്ള സ്റ്റാന്റേർഡ് മീഡിയം ബാറുകളുടെ Kg/m ഭാരം 24.178 ആണ് എന്നു സ്റ്റാൻഡേ വെയ്റ്റ് ടേബിൾ പ്രകാരം കാണുന്നു. എന്നാൽ ഇവിടെ Coefficient ആയി 24.788ആണ് എടുത്തിട്ടു ആകെ 159.88മീറ്റർ നീളം ഉപയോഗിച്ചിട്ടുള്ള ഈ മീഡിയം ബാറിന്റെ Coefficient സ്റ്റാന്റേർഡ് യൂ ആയ 24.178kg/m ആയി കണക്കാക്കിയാൽ ഈയിനത്തിൽ 97kg സ്റ്റീൽ അധികം ഉപയോഗിച്ച് എന്ന് കണക്കാക്കേണ്ടി വരും. എന്നാൽ മീഡിയം ബാറുകളുടെ അളവുകൾ ഇ-അളവു പുസ്തകര ചേർക്കാത്തതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

75mmx75mmx6mm വലുപ്പത്തിലുള്ള L ആകൃതിയുള്ള IS ആംഗിളുകൾ (അളവ് പു നം.MGN1.8.2)മീറ്ററിന് 7.023 കിലോഗ്രാം Coefficient കണക്കാക്കി 38.44 മീറ്ററിന് 26 കിലോഗ്രാമിന് 119.67/kg നിരക്കിൽ തുക നൽകിയിട്ടുണ്ട്. ഈ വലുപ്പത്തിലുള്ള ആംഗിൾബാ ഛേദതല വിസ്തീർണ്ണം $8.73cm^2$ ആയതിനാൽ 0.785 കൊണ്ട് ഗുണിച്ച് ബാറിന്റെ Kg/m ര കണക്കാക്കുമ്പോൾ മീറ്ററിന് 6.86kg ഭാരം ഉണ്ടാകുമെന്ന് കാണാം. എന്നാൽ ഇതിനു പകരം 7.023l ആണ്coefficient ആയി എടുത്തിട്ടുള്ളത്. Coefficent 6.86kg/m ആയി കണക്കാക്കിയാൽ കിലോഗ്രാം സ്റ്റീലിന്റെ തുക അധികമായി നൽകിയതായി കാണാം.

ഇതേ രീതിയിൽ 30x30x2cm വലുപ്പമുള്ള സ്റ്റീൽ പ്ലേറ്റുകൾ(അളവ് പുസ്തകംMGN2.1.1)14 എണ്ണര Coefficient 14.47kg കണക്കാക്കി 202.58 കിലോഗ്രാമിന് 119.67/kg നിരക്കിൽ തുക നൽകിയി എന്നാൽ ഈ പ്ലേറ്റുകളുടെ വ്യാപ്തം $M^2$ ന് 0.0018 ആയതിനാൽ സ്റ്റീലിന്റെ സാന്ദ്രതയു ഗുണിച്ചെടുക്കുമ്പോൾ 14.13 ആണ് Coefficient ആയി എടുക്കേണ്ടിയിരുന്നത് എന്ന് കാ ഇത്തരത്തിൽ കണക്കു കൂട്ടുമ്പോൾ (14.13x14=197.82kg)197.82kg)സ്റ്റീൽ മാത്രമേ ആവശ്യ വരുന്നുള്ളൂ. 4.67kg സ്റ്റീലിന്റെ വില അധികമായി നൽകിയതായി കാണാം.

ഇത്തരത്തിൽ നിരവധി അപാകങ്ങൾ കാണപ്പെടുന്നതിനാൽ സ്റ്റീലിന്റെ അളവുകൾ യഥാവിധി ര പുസ്തകത്തിൽ രേഖപ്പെടുത്താതെയും, ഛേദതല വിസ്തീർണ്ണവും, സാന്ദ്രതയും അടിസ്ഥാനമാക്കി കണക്കാക്കാതെയും തുക അനുവദിച്ചത് ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. ആയതി സാംപിൾ ആയി ശേഖരിച്ചിട്ടുള്ള സെക്ഷനുകളുടെ കനം പരിശോധിച്ച് ഛേദതല വിസ്തീർണ്ണത്തെ ( സാന്ദ്രതയുമായി ഗുണിച്ചെടുത്ത് ഭാരം നിർണ്ണയിച്ച് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ അ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതും. ഓരോ സെക്ഷന്റെയും ഇതു സംബ കാൽക്കുലേഷൻ തയ്യാറാക്കി ഓഡിറ്റിനു സമർപ്പിക്കേണ്ടതുമാണ്.

## 1-40 ജലജീവൻ മിഷൻ അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020 സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറ ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്ന ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്ന ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ ഫേസ് 1 ൽ 300 ഉം ഫേസ് 1950 ഉം കൂടി ആകെ 2250 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിടുന്ന കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ഫേസ് 1ൽ 37ലക്ഷം രൂപയും, ഫേസ് II വിൽ 2.6 രൂപയും അടക്കം ആകെ 2.97 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചി പദ്ധതി 17.11.2021ലെ ഭരണ സമിതി 24(1) നമ്പറായി അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം 15% തദ്ദേശസ്ഥാപന വിഹിതമായും, 10% ഗുണഭോക്തൃവിഹിതമായി ഉറപ്പ് വരുത്തുന്ന തീരുമാനമെടുത്തിട്ടുണ്ട്

കേരള റൂറൽ വാട്ടർ സപ്ളൈ ഏന്റ് സാനിറ്റേഷൻ ഏജൻസി ഡയറക്ടറുടെ 12.05.2021 ലെ KRW PMU/68/2020-TAഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ സഹായ ഏജൻസിയ എന്റർപ്രേണർഷിപ്പ് ഡവലപ്മെന്റ് സൊസൈറ്റി, തിരുവനന്തപുരം എന്ന സ്ഥാപന ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 18.10.2021ന് 6/2021-22നമ്പറായി ഗ്രാമപഞ്ചായത്തും, KWA ന ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും, ISA-യുമായും ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. ഈകര ജലജീവൻ മിഷന്റെ Operational Guidelines ഉം Payment Obligation ഉം സംബന്ധിച്ച Annexu മാത്രമേ ചേർത്തുകാണുന്നുള്ളൂ. കരാർ പ്രകാരമുള്ള ISA യുടെ പ്രവർത്തനങ്ങൾ കരാർ തിയതി മുതല മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം കരാർ പ്രകാ പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിച്ചത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കരാർ പ്രകാരം നിർവ്വ സഹായ ഏജൻസിക്ക് തുക നൽകേണ്ടത് SWSM(State Water &Sanitation Mission) ചുമതലയാണ്.

ഫേസ് I, ഫേസ് II പ്രോജക്ടുകളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതേ സമർപ്പിച്ചത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതു പ്രകാരം 26ദശലക്ഷം കപ്പാസിറ്റിയുള്ള സ്ഥാപിക്കുന്നതിനും, പഴയ മെയിൻ പമ്പിംഗ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനും, 2250 കണക്ഷ നൽകുന്നതിനും ലക്ഷ്യമിടുന്നു.

എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം വകയിരുത്തിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സ്ഥാപന വിഹിതം | ശതമാനം | ഫേസ് 1തുക (ലക്ഷത്തിൽ) | ഫേസ് II | ആകെ |
|---|---|---|---|---|
| കേന്ദ്ര വിഹിതം | 45% | 16.65 | 117 | 133.65 |
| സംസ്ഥാന വിഹിതം | 30% | 11.1 | 78 | 89.1 |
| തദ്ദേശ സ്ഥാപന വിഹിതം | 15% | 5.55 | 39 | 44.55 |
| ഗുണഭോക്തൃ വിഹിതം | 10% | 3.7 | 26 | 29.7 |
| ആകെ | | 37 | 260 | 297 |

ജല ജീവൻ മിഷൻ (Jal Jeevan Mission) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നൽകുന്ന കണക്ഷനു ഭാഗമായി പൈപ്പിടുന്നതിന് കുഴിക്കുന്ന റോഡുകളുടെ പേര്, പൈപ്പിടുന്നതിന് കുഴിക്കുന്ന റ റിസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ്, തുടങ്ങിയ വിവര ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയുമായും ഏർപ്പെട്ട ത്രികക്ഷി കര

ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സംബന്ധ ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളിൽ സമയബന്ധിതമായി അനുവദിക്കുന്നത് സംബന്ധിച്ചും കരാറിൽ രേഖപ്പെടുത്തലുകൾ ഇല്ല.

റോഡുകൾ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് RoW SUGAMA പോർട്ടൽ വഴി KWA അ സമർപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി റിസ്റ്റോറേഷൻ നടത്താത്ത 72റോഡു റിസ്റ്റോറേഷൻ ചാർജ്ജ് 10.02.2023-ലെ No.CEPWD/2675/2021-C4(W)RD സർക്കുലർ പ്രകാ നിരക്കിൽ കണക്കാക്കി 4,11,81,560 അടവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് 13.5.2025 SC.2-895/2025കത്ത് പ്രകാരം ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെ നാളിതു വരെ തുക ലഭിച്ചിട്ടില്ല. വിവിധ വാർഡുകളിലുൾപ്പെട്ട 20റോഡുകളുടെ റിസ്റ്റോറേഷൻ പ്രവൃത്ത ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്. ഇതിനായി 1,74,88,026 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമായി ആകെ 1515പേർക്ക് ഗാർ കണക്ഷനുകൾ നൽകിയിട്ടുള്ളതായി വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മാർഗ്ഗരേഖ പ്രകാരം വകയിരുത്തേണ്ട തദ്ദേശ സ്ഥാപന വിഹിതമായ 15% തുക വാർ പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടില്ല. 10% തുക ഗുണഭോക്തൃ വിഹിത പിരിച്ചെടുക്കുകയോ കൈമാറുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹി കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020 ലെ സ.ഉ. നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തര എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാട്ടിക ഗ്രാമപഞ്ചായത്തിനു വേണ്ടി നൽകിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളി ആകെ 89 റോഡുകൾ പൈപ്പിടുന്നതിനു വേണ്ടി കുഴിച്ചിട്ടുള്ളതിൽ 20 റോഡുകളിൽ ഗ്രാമപഞ്ചാ റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നാട്ടിക പഞ്ചായത്തിലെ റോഡുകളുടെ റിസ്റ്റോറേഷൻ നടത്തുന്നതിന് സ.ഉ.(സാ)നം.897/ /WRDതി.26.10.2023 പ്രകാരം 879.12ലക്ഷം രൂപ അനുവദിച്ചതായി വാട്ടർ അതോറിറ്റി അറിയിച്ചി തുടർന്ന് സംയുക്ത പരിശോധന നടത്തി റിസ്റ്റോറേഷൻ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രേ തയ്യാറാക്കുന്നതിനും, പ്രവൃത്തി പൂർത്തീകരിക്കുന്നതനുസരിച്ച് PFMSമുഖേന തുക നൽകുന്നതാണെ 19.06.24 ലെ കത്ത് പ്രകാരം ഇരിങ്ങാലക്കുട PH ഡിവിഷൻ എക്സി.എഞ്ചിനീയർ നം. D.5-1714/ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതോറിറ്റിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും 09.09.2025ന് തദ്ദേശ അദാലത്തിൽ നിർദ്ദേശിച്ചതിനെ തുടർന്ന് 72 റോഡുകളുടെ റിസ്റ്റോറേഷൻ നടത്തുന്നതിന് അതോറിറ്റിയുടെ നൽകേണ്ടതായ 4,11,81,560രൂപ ഗ്രാമപഞ്ചായത്ത് ആവശ്യപെട്ടിട്ടുണ്ട് എന്ന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക നം.4/21.10.2025)

ജലജീവൻ മിഷൻ കേരള- മിഷൻ ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ KWA എന്നിവർ സംയുക്ത പ്രിൻസിപ്പൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റിന് 20.02.2025ന് അയച്ച KWA/-JB/1200/2 F1(A)KWA കത്ത് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായ 15% തുക 6,707.22കോടി ലഭിക്കാനുള്ളതിൽ നാളിതു വരെ 24.68 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും പദ്ധതി പ്രവർത്തന പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം അടിയന്തിരമായി ലഭ്യമാക്കുന്ന ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ഈ പട്ടികയിൽ നാട്ടിക ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചാ പ്രദേശത്ത് 874.66ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതായും തദ്ദേശ സ്ഥാപന വിഹിതമായി 1 ലക്ഷം രൂപ നൽകാനുള്ളതായും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജലജീവൻമിഷൻ-KWA എന്നിവ തദ്ദേശസ്ഥാപന വിഹിതമായി നൽകാനുള്ള ബാക്കി തുക ഗ്രാമപഞ്ചായത്തിന് കണ്ടെത്താൻ കഴിയ സാഹചര്യം നിലനിൽക്കുന്നതിനാൽ എം.എൽ.എ.യുടെ പ്രാദേശിക ആസ്തി വികസന ഫ ഉൾപ്പെടുത്തി തുക നൽകാനാകുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാ

## 1-41 ഹെൽത്ത് ഗ്രാന്റ് അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്ര ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതല പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തു ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരി സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ( അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. ( ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേ ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്ന പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ( ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായ

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപദ്രേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറു സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്ര പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ( അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്ന നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രേ നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

നാട്ടിക ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

നാട്ടിക ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും മൂന്ന് ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. 201 സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 19406 ഉം 14 വാർഡുകളിലായി 5720 വീ ഉണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്ക പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനും, ആ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നത ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗിക ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികള് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബ സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാന ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വി പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഹെൽത്ത് ഗ്രാന്റ് സ്കീം 1

കെട്ടിടങ്ങൾ ഇല്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് ( ലഭിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് സ്കീം 2

ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാൻറ് സ്കീം 3

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | ബാങ്ക് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2021 - 22 | 2,08,161 (2022-23 വർഷം ലഭിച്ചു) | 2,08,161 | 0 | ബാങ്ക് ഓഫ് ബറോഡ (60550100003012) |
| 2 | 2022 -23 | 7,88,000 (2023-24 വർഷം ലഭിച്ചു) | 7,88,000 | 0 | |
| 3 | 2023-24 | 3,29,000 (2024-25 വർഷം ലഭിച്ചു) | 15,000 | 3,14,000 | |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, വെബ്കാം, ഉപകരണങ്ങൾ വാങ്ങൽ, പരിശോധനയ്ക്ക് ( ബയോകെമിസ്ട്രി അനലൈസർ, ലാബ് സ്ട്രിപ്പ്സ്, ലാബ് ഐറ്റംസ് എന്നിവ വാങ്ങൽ പ്രവർത്തനങ്ങൾ നടത്തി.

ഹെൽത്ത് ഗ്രാൻറ് സ്കീം 4

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | ബാങ്ക് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2021 - 22 | 80,000 (2022-23 വർഷം ലഭിച്ചു) | 80,000 | 0 | ബാങ്ക് ഓഫ് ബറോഡ (60550100003019) |
| 2 | 2022 -23 | 3,38,000 (2023-24 വർഷം ലഭിച്ചു) | 3,38,000 | 0 | |
| 3 | 2023-24 | 5,38,000 (2024-25 വർഷം ലഭിച്ചു) | 18,285 | 5,19,715 | |

രോഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ജീവിതശൈലി രോഗങ്ങൾക്കുള്ള ചികിത്സ, ദേ സംസ്ഥാന ആരോഗ്യപദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ദീർഘകാല രോഗങ്ങൾ ഉള്ളവ ചികിത്സ മാനസിക സാമൂഹിക പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടൽ, രോഗ മൂലം കൂടുതൽ പ്രയാസം അനുഭവിക്കുന്നവർക്കു മുൻഗണന വിസിറ്റിന്റെ ഭാഗമായി വീടുകളിൽ എ

നൽകുന്ന പരിചരണ പ്രവർത്തനങ്ങൾ, ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിലേക്കുള്ള IPHS&N മാനദണ്ഡങ്ങളുടെ ആന്തരിക വിലയിരുത്തലിനുശേഷം അംഗീകൃത ഗ്യാപ് ക്ലോഷർ, ആ സ്ഥാപനത്തിലെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, സാമഗ്രികൾ എ വാങ്ങൽ മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേ ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേ ഭാഗം]

### 3-1 ഇന്റർ ലോക്കിംഗ് ടൈൽ വിരിച്ചതിൽ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിന് അധിക നിരക്കുള്ള ജി.എസ്.ബി. ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് മൂലം നഷ്ടം.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ.

വിവിധ മരാമത്ത് പ്രവൃത്തികളിൽ ഇന്റർ ലോക്കിംഗ് ടൈൽ വിരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ ടൈലുകൾക്ക് താഴെയുള്ള സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി GSB Providing Close Graded Mat Conforming To Gr-I CBR Value-30(size 75mm To 0.075mm), Gr-III CBR Value-20(size 26. To 0.075mm) ഇനങ്ങൾ ഉൾപ്പെടുത്തി കൂടിയ നിരക്കുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രവൃത്തി, എസ്റ്റിമേറ്റ് നമ്പർ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, വൗച്ചർ നമ്പർ, തിയതി. | കരാറുകാരൻ | ബിൽ ഐറ്റം നമ്പർ/DSRഡാറ്റാ ഇനം | എസ്റ്റിമേറ്റ് നിരക്ക് | ക്വാട്ടഡ് റേറ്റ് | ടെണ്ടർ വേരിയേഷൻ | അളവ് | നൽക തുക |
|---|---|---|---|---|---|---|---|---|
| 1 | 31/25-ജൂബിലി മന്ദിരം/16657/24 വകയിരുത്തിയ തുക 13,55,590 ചെലവഴിച്ച തുക5,98,764 വൗച്ചർ നമ്പർ 42401332/29.03.2025 | ലാലു പി.ആർ. | ഒന്നാം പാർട്ട് ബിൽ 1/16.78.1 | 2963 | 2679 | -9.58 | 19.821 | 53,10 |
| 2 | 126/25-FHC മെയിന്റനൻസ്/80418/24 വകയിരുത്തിയ തുക 2,00,000 ചെലവഴിച്ച തുക1,99,414 വൗച്ചർ നമ്പർ 42401595/25.03.2025 | ജയപ്രകാശൻ | ഫൈനൽ ബിൽ 1/16.78.3 | 2903.42 | 2903.42 | 0 | 10.628 | 30,85 |
| 3 | 122/25-മത്സ്യഭവൻ മെയിന്റനൻസ്/81281/24 | നന്ദകുമാർ | 12/OD294129 | 2878.22 | 1500 | | പാർട്ട് ബില്ല് പ്രവൃത്തി ഉൾപെട്ടിട്ടില്ല. | |

മേൽ പ്രവൃത്തികളിൽ വ്യത്യസ്ത വലുപ്പത്തിലുള്ള അഗ്രിഗേറ്റ്സ് ഉൾപ്പെടുന്ന GSB മെറ്റീരിയലുകൾ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി ഉപയോഗിച്ചതായി കാണുന്നത്. ഉയർന്ന ട്രാഫിക് സാന്ദ്രത റോഡുകളിൽ പോലും ഇന്റർ ലോക്കിംഗ് ടൈലുകൾ ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ സബ് ഗ്രേഡിന് ആവശ്യത്തിന് കോംപാക്ഷൻ ഉറപ്പ് വരുത്തുന്നതിനായി MORD Data4.11.2 പ്രകാരം ജി.എസ്.ബി. ഇനമാണ് സാധാരണയായി ഉപയോഗിക്കുന്നത്.(ഗ്രാമപഞ്ചായത്തിന്റെ വിവിധ റോഡുക ഇത്തരത്തിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. MORD Data 4.11.2. പ്രകാരമുള്ള ജി.എസ്.ബി. ന $2243.68/m^3$ രൂപയാണ്. DSR പ്രകാരമുള്ള Observed Data തയ്യാറാക്കിയാൽ $2159.15/m^3$രൂപ മാ ഈയിനത്തിന് നിരക്ക് വരുന്നുള്ളൂ. മണ്ണിന്റെ CBR Value (California Bearing Ratio) ഉയർത്തുന്ന ഈ ഇനം പര്യാപ്തമാകുന്നതാണ്.)

വെള്ളക്കെട്ടുള്ളതും, റോളർ ഉപയോഗിക്കാനാവുന്നതുമായ റോഡുകളിലാണ് ഇത്തരത്തിൽ ജി.എസ് /വെറ്റ് മിക്സ് മെക്കാഡം ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയ 05.04.2021 ലെ ഡി.ബി.1/3727/2021/CE/ത.സ്വ.ഭ.വ. ടെക്നിക്കൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടു ഇവിടെ ഇത്തരം സാഹചര്യങ്ങൾ ഉള്ളതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രത്യേകമായി രേഖപ്പെടുത്തിയ മാത്രമല്ല റോഡിനെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ ലോഡ് താങ്ങുന്നതിനുള്ള M-30 ഗ്രേഡിലുള എം.എം. ഇന്റർ ലോക്കിംഗ് ടൈലുകളാണ് മേൽ പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത്. ഇ പ്രവൃത്തികളിൽ ടൈൽ വിരിക്കുന്നതിന് മുൻപ് അടിയിലുള്ള മണ്ണിന് ആവശ്യമായ ബലപ്പെടു (കോംപാക്ഷൻ) ഉറപ്പ് വരുത്തുന്നതിനായി ക്വാറിമക്ക് ഫില്ലിംഗ്/MORD Data 4.11.2 പ്രകാ ജി.എസ്.ബി. മതിയാകുന്നതാണ്. ക്വാറിമക്കിന് DSR Data 51.2.3 പ്രകാരം $1212.377/m^3$ നിരക്ക നിലവിലുള്ളത്.

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ എഫ്.എച്ച്.സി. പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തൽ (നം.13 പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി $902.34/m^3$ നിരക്കുള്ള ക്വാറിമക്ക് ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിന് തൻവർഷത്തിൽ ഫൈനൽ ബിൽ പ്രകാരം 1,99,312 കരാറുകാരനായ ആഷിക്ക് എന്നയാൾക്ക് നൽകിയതായി കണ്ടു. ഈ പ്രവൃത്തിയിൽ ഇന്റർലോക്കിംഗ് ടൈൽ വിരിയ്ക്കുന്നതിന് DSR Data 16.78.3 പ്രകാരം $2903.42/m^3$ നിരക്കിൽ നൽകിയത് ക്രമപ്രകാരമല്ല. ഒരു കോംപൗണ്ടിലെ വ്യത്യസ്ത സമയങ്ങളിൽ നടത്തുന്ന ഒരേ ഇനം പ്രവൃത്ത വ്യത്യസ്ത നിരക്കുകൾ ഉള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് നിയമാനുസൃതമല്ല. ഇതു മൂലം ഗ്രാമപഞ്ചായത്ത നഷ്ടം ഉണ്ടായിട്ടുണ്ട്. ജൂബിലി മന്ദിരത്തിൽ ടൈൽ വിരിയ്ക്കുന്നതിന് നടത്തിയ സമാനമായ പ്രവൃത്തി അധിക നിരക്കുള്ള ഡാറ്റ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതും ഗ്രാമപഞ്ചായത്തിന് ധന ഉണ്ടായിക്കിയിട്ടുണ്ട്.

ക്വാറിമക്ക് ഉപയോഗിച്ച് ടൈൽ വിരിയ്ക്കുന്ന പ്രവൃത്തിയ്ക്ക് താരതമ്യേന നിരക്ക് കുറവായതിനാൽ ഇ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടത്തുന്നതിന് കരാറുകാർ വിസമ്മതം പ്രകടിപ്പിക്കുന്നതായി അസി എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ 10 സെ.മീറ്റർ കനത്തിൽ മാത്രമേ സബ് ബലപ്പെടുത്തുന്നതിന് GSB ഉപയോഗിക്കേണ്ടതുള്ളൂ എന്നതിനാൽ MORD Data 4.11. ഒബ്സർവ്വ്ഡ് ഡാറ്റ പ്രകാരമുള്ള $2159.15/m^3$ നിരക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പരിഗണിക്കേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ കൂടിയ നിരക്കുള്ള ഡാറ്റ ഉൾപ്പെ പ്രവൃത്തി നടത്തിയതു മൂലം യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിന് താഴെ കാണും പ്രകാരം ഉണ്ടായിട്ടുണ്ട്.

1) ജൂബിലി മന്ദിരത്തിൽ ടൈൽ വിരിച്ചതിന് അധികമായി നൽകിയ തുകയുടെ വിവരം താഴെ ചേർക്കു

MORD Data 4.11.2.ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്ക് $2159.15/m^3$

പ്രവൃത്തി ഇനം ക്വാട്ട് ചെയ്ത നിരക്ക് -9.58 %

നൽകാവുന്ന നിരക്ക് $=1952.31/m^3$ (2159.15 $/M^3$ ന്റെ -9.58 % തുക 206.84 രൂപ കുറവ് ലഭിക്കുന്ന തുക $1952.31/m^3$ രൂപ)

പ്രവൃത്തി ചെയ്ത അളവ് $=19.821 M^3$

കരാറുകാരന്റെ പേര്- ലാലു.പി.ആർ.

കരാറുകാരന് അനുവദിക്കാവുന്ന തുക(1952.31x19.821)=38,696.73 രൂപ
നൽകിയ തുക=53,102
അധികം നൽകിയത് [(53,102-38,696.73 )=14,405.27 രൂപ + 18%GST(2,592.94)]=16,998.
രൂപ.
2) FHC യിൽ ടൈൽ വിരിച്ചതിന് നൽകിയ അധിക തുകയുടെ വിവരം താഴെ ചേർക്കുന്നു.
MORD Data 4.11.2.ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്ക് 2159.15 /$M^3$
പ്രവൃത്തി ഇനം ക്വാട്ട് ചെയ്ത നിരക്ക് = എസ്റ്റിമേറ്റ് നിരക്ക്
നൽകാവുന്ന നിരക്ക് =2159.15 /$M^3$
പ്രവൃത്തി ചെയ്ത അളവ് =10.628 $M^3$
കരാറുകാരന്റെ പേര്- ജയപ്രകാശൻ
കരാറുകാരന് അനുവദിക്കാവുന്ന തുക(2159.15 X10.628 )=22947.44 രൂപ
നൽകിയ തുക=30,857 രൂപ
അധികം നൽകിയത് [(30,857- 22947.44 )=7709.56രൂപ+ 18%GST(1,423.72)]=9,333.28 രൂപ.
തെറ്റായ ഡാറ്റ ഉൾപ്പെടുത്തിയതു മൂലം മേൽ പ്രകാരം മേൽ സൂചിപ്പിച്ച ക്രമ നമ്പർ (1), പ്രവൃത്തികളിലായി ആകെ 26,331 രൂപ അധികം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓ അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. (നം.27/25.10.25) അധികം നൽകിയ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, അല്ലാത്ത പക്ഷം നഷ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമ

## 3-2 ജി.എഫ്.എൽ.പി.എസ്. കെട്ടിട നിർമ്മാണം-8731രൂപ അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ-- അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രോജക്ട് നം--150/25 ജി.എഫ്.എൽ.പി.എസ്. കെട്ടിട നിർമ്മാണം

എസ്റ്റിമേറ്റ് നമ്പർ-57944/2023
കരാറുകാരൻ.ശ്രീ. ലാലു.പി.ആർ.

വകയിരുത്തിയ തുക--26,04,676

ചെലവഴിച്ച തുക--26,01,125

വൗച്ചർ നം./തിയതി/തുക/ഫണ്ട്
42400882/18.12.2024---2,85,430(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
42401410/02.07.2024–61,950(വികസന ഫണ്ട് ജനറൽ)
424015547/16.12.2024–1,38,050(വികസന ഫണ്ട് ജനറൽ)
42400553/19.09.2024---6,61,338(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
42401242/19.03.2025–85,837(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
42401214/14.03.2025–5,32,985(തനതു ഫണ്ട്)
42401168/27.02.2025–4,68,140(ബ്ലോക്ക് ഫണ്ട്)
42400907/23.12.2024 - 3,67,395 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഐറ്റം നമ്പർ 1 ൽ ഫൂട്ടിംഗ് കോളം വാർക്കുന്നതിന് DSR ഡാറ്റ 2. പ്രകാരം 129.108$m^3$ മണ്ണ് നീക്കം ചെയ്തതിന് ക്വാട്ട് ചെയ്ത 254.51/$m^3$ നിരക്കിൽ(എസ്റ്റിമേറ്റിന്റെ-14.3 കുറവ്) 32,859.28 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ 1.5 മീറ്റർ വീതിയിൽ അധികരിക്കുന്ന സോയിൽ എസ്കവേഷൻ പ്രവൃത്തികൾക്ക് DSR Data 2.6.1. പ്രകാരമുള്ള തുകയാണ് അനുവദിക്കാവുന്നത്. പ്രവൃത്തിയുടെ ഇ-അളവ് പുസ്തകത്തിലെ അളവുകളുടെ വിവരം താഴെ ചേർക്കുന്നു.
1) MGN 1_1_1-നീളം 2.3m X വീതി 2.3m X ആഴം 1.5m X 8എണ്ണം=63.48$m^3$
2) MGN 1_1_4- നീളം 2.6m X വീതി 2.6m X ആഴം 1.5m X 4എണ്ണം=40.56$m^3$
ആകെ =104.04$m^3$

അധികമായി നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| DSR Data 2.6.1 പ്രകാരം അനുവദിക്കാവുന്ന നിരക്ക് (Cost Index @ 35.59%) | 214.02/$m^3$ രൂപ |
| Less Tender Variation-14.31% | 30.6262 |
| അർഹമായ നിരക്ക് | 183.39/$m^3$ |
| 1.5 മീറ്ററിൽ അധികരിച്ച പ്രവൃത്തിയുടെ അളവ് | 104.04$m^3$ |
| അനുവദിക്കാവുന്ന തുക (104.04x 183.39/$m^3$) | 19,080 രൂപ |
| അനുവദിച്ച തുക (104.04x 254.51/$m^3$ | 26,479രൂപ |
| അധികം നൽകിയത് (26479-19,080=7399) | 73,99 |
| Add GST (@18% Of 7399) | 1,332 |
| ആകെ അധികം നൽകിയത് | 8,731 |

ഈ പ്രവൃത്തിയിൽ 8,731 രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/25.10.25) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ഈ തുക ഓഡ നിരാകരിക്കുന്നു. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ട തുക 8,731 രൂപ എസ്റ്റിമേറ്റ് തയ്യാറാ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചി എന്നിവരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-3 ആർജ്ജിതാവധി പണമാക്കൽ -- തിരികെ അടവാക്കേണ്ടതാണ്

2024-25 സാമ്പത്തികവർഷം പഞ്ചായത്തിലെ കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ ആയി പ്ര ചെയ്യുന്ന ശ്രീമതി.പിങ്കി രാജു എന്ന വ്യക്തിക്ക് വൗച്ചർ നം. 22401479/26.3.25 പ്രകാരം 15ദിവസ ആർജ്ജിതാവധി പണമാക്കി 8,500 രൂപ നൽകിയിട്ടുണ്ട്.

മേൽ ജീവനക്കാരിയെ സർക്കാർ ഉത്തരവ് നം. 84/2022/ത.സ്വ.ഭ.വ. തീയതി 19.04.2022 ഖ.6.3 പ്രകാരം എല്ലാതലത്തിലുമുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിനും വനിതാവികസനപ്രവർത്തന ജാഗ്രതാസമിതി , ജി.ആർ.സി.കൾ തുടങ്ങിയ വിവിധ സംവിധാനങ്ങളും ഏകോപിപ്പിക്കുന്ന

ഫെസിലിറ്റേറ്റ് ചെയ്യുന്നതിനുമായി പ്രതിമാസം 17,000 രൂപ ഹോണറേറിയം വ്യവസ്ഥ നിയമിച്ചിട്ടുള്ളതാണ്. ഈ ജീവനക്കാർക്ക് ആർജ്ജിതാവധി പണമാക്കുന്നതിന് നിലവിൽ സർ ഉത്തരവുകൾ ഇല്ലാത്തതിനാൽ ഇപ്രകാരം നൽകിയത് ക്രമപ്രകാരമല്ല . ഇപ്രകാരം തുക നൽകിയ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/24.10.25 ) മറുപടി ലഭ്യമാക്കിയിട്ട മേൽപ്രകാരം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.ആയതിനാൽ നൽകിയ തുക തി ഈടാക്കേണ്ടതാണ്.

## 3-4 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ -- കൂടുതൽ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | 63/25 -പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവഹണഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് , ഗവ, ഫിഷറീസ് എൽ.പി.സ്കൂൾ, നാട്ടിക |
| അടങ്കൽ | 3,00,000(വികസനഫണ്ട് എസ് സി പി) |
| ചെലവ് | 3,00,000 |

| വൗച്ചർ നം. | 42401693/13.3.25 |
|---|---|

പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകൽ പദ്ധതി പ്രകാരം മെഡിക്കൽ കോളേജ് തൃശ്ശൂരിൽ ഡിപ്ലോമ ഇൻ റേഡിയോഡയഗ്നോസിസ് ആന്റ് റേഡിയോ തെറാപ്പി കോഴ്സിൽ രണ്ടാം വർഷം വിദ്യാർത്ഥിയായ അഖില കെ ആർ എന്നവർക്ക് 20,000 രൂപ നൽകിയി എന്നാൽ സർക്കാർ ഉത്തരവ് (കൈ) നം. 115/22/തസ്വഭവ തീ. 28.05.2022 ലെ 7.2.4 പ്രകാരം പ്ല വിന് ശേഷമുള്ള സർക്കാർ അംഗീകരിച്ച റഗുലർ കോഴ്സുകൾക്ക് പരമാവധി 15,000 രൂപ മാ ധനസഹായം അനുവദിക്കാവൂ എന്നിരിക്കെ കൂടുതൽ തുക(20,000- 15,000=5,000രൂപ) അനുവദ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക് (12/24.10.25) മറുപടിയായി തുക തിരികെ അടവാക്കുവാൻ ആവശ്യ വിദ്യാർത്ഥിനിക്ക് കത്തയക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 എം.സി.എഫ് നിർമ്മാണം-ഫൈൻ ഈടാക്കിയില്ല-മണ്ണ് കുഴിച്ചതിന് അധിക നിരക്ക നൽകിയത് തിരികെ ഈടാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ-- അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രോജക്ട് നം. 175/25-ശുചിപൂർണ്ണ എം.സി.എഫ്. സൗകര്യം ഒരുക്കൽ. (സ്പിൽ ഓവർ)

എസ്റ്റിമേറ്റ് നമ്പർ --72281/23
കരാറുകാരൻ.ശ്രീ.ലാലു.പി.ആർ.

വകയിരുത്തിയ തുക--33,99,272

ചെലവഴിച്ച തുക --21,12,526

8,15,658 (ധനകാര്യ കമ്മീഷൻ അവാർഡ്)

12,96,868 (കേന്ദ്രാവിഷ്കൃത ഫണ്ട്)

വൗച്ചർ നമ്പർ/തിയതി/തുക/ഫണ്ട്
42401180/12.03.2025–2,59,859

42401914/31.03.2025--4,45,757

42401311/28.03.2025–1,74,686
42400480/31.8.2024 -- 2,89,896

42400930/02.01.2025 -1,91,038

42401079/12.02.2025-- 74,865

42400539/12.09.2024 - 6,76,425

1. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനു ശേഷം കരാറിലേർപ്പെട്ടു- പിഴ ഈടാക്കിയില്ല.

